**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1444** **07-10-2021 - ൽ മറുപടിയ്ക്ക്**

**നിക്ഷിപ്ത വനഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നിക്ഷിപ്ത വനഭൂമിയുമായി ബന്ധപ്പെട്ട് റവന്യൂവകുപ്പിന് എന്തെല്ലാം കേസുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ നിക്ഷിപ്ത വനഭൂമി അളന്ന് കൈയ്യേറ്റം ഒഴിപ്പിക്കണമെന്നാവശ്യപ്പെട്ടും, നിക്ഷിപ്ത വനഭൂമിയുടെ അതിർത്തി സംബന്ധിച്ചും നിക്ഷിപ്ത വനഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനെതിരെയും ബഹു.കേരള ഹൈക്കോടതിയിലും, ബഹു.ജില്ലാ കോടതിയിലും മുനിസിഫ് കോടതികളിലും കേസുകൾ നിലവിലുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ കാഞ്ഞിരങ്ങാട് വില്ലേജിൽ ഒരു കേസ് നിലവിലുണ്ട്. കൊല്ലം ജില്ലയിൽ നിക്ഷിപ്ത വനഭൂമിയുമായി ബന്ധപ്പെട്ട് പുനലൂർ മുൻസിഫ് കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. മറ്റ് ജില്ലകളിൽ നിക്ഷിപ്ത വനഭൂമിയുമായി ബന്ധപ്പെട്ട് കേസുകളൊന്നും നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വനം വകുപ്പിന്റെ ഭൂമിയിൽ റവന്യൂ വകുപ്പ് ഏതെല്ലാം മേഖലയിൽ തർക്കം ഉന്നയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ കാഞ്ഞിരങ്ങാട് വില്ലേജിൽ കാഞ്ഞിരത്തിനാൽ ജോർജ്ജ് എന്നയാൾ ഫയൽ ചെയ്ത കേസുമായി ബന്ധപ്പെട്ട് തർക്കം നിലനിൽക്കുന്നുണ്ട്. പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിലെ ചേത്തയ്ക്കൽ വില്ലേജിൽപ്പെട്ട വലിയപതാൽ, ടി താലൂക്കിലെ അത്തിക്കയം വില്ലേജിലെ പൊന്തൻപുഴ, വലിയകാവ് എന്നീ പ്രദേശങ്ങളിൽ ഭൂമി സംബന്ധിച്ച് വനം വകുപ്പുമായി തർക്കം നിലനിൽക്കുന്നു. റവന്യൂ രേഖകളിൽ പട്ടാഭൂമിയായി കാണുന്നത് ചില സന്ദർഭങ്ങളിൽ വനമായും, വനമെന്ന് റവന്യൂ രേഖകളിൽ കാണുന്നത് പട്ടാഭൂമിയായും കാണപ്പെടുന്നുണ്ട്. ഇത് തർക്കങ്ങൾക്കിടയാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | വനാവകാശനിയമപ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിന് സ്ഥലം വിട്ട് കൊടുക്കുന്നതിനായി എത്ര ഏക്കർ ഭൂമി മാറ്റി വെച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | 2006-ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റ പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം പ്രകാരം കൈവശഭൂമിയ്ക്ക് കൈവശരേഖയാണ് (ROR) അനുവദിയ്ക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഇത്തരം ഭൂമിയ്ക്ക് പട്ടയം നൽകുവാൻ വ്യവസ്ഥയില്ലാത്തതാണ്. |
| (ഡി) | ഈ ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിവരം നൽകുമോ? | (ഡി) | 2006-ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റു പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം പ്രകാരം കൈവശഭൂമിയ്ക്ക് കൈവശരേഖയാണ് (ROR) അനുവദിയ്ക്കുന്നത്. ഇത്തരം ഭൂമിയ്ക്ക് പട്ടയം നൽകുവാൻ വ്യവസ്ഥയില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ